# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 2909**      **13.07.2015- ലെ മറുപടിക്ക്**

## വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ | | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ആക്ഷൻ പോർട്ടൽ നിലവിൽ വന്നതോടുകൂടി എല്ലാ പ്രധാന പദ്ധതികളുടെയും തൽസ്ഥിതിയും പുരോഗതിയും ഒരു കേന്ദ്രീകൃത ഏകമാർഗ്ഗത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ എല്ലാ പ്രധാന പദ്ധതികളുടെയും സ്ഥിതി മനസ്സിലാക്കുവാനും. മുൻഗണനാക്രമം നിശ്ചയിച്ച് അവ നടപ്പിലാക്കുന്നതിനായി അതത് വകുപ്പുതലവന്മാർക്ക് നൽകുന്നതിനും സാധിക്കും. തീരുമാനമെടുക്കാത്ത പ്രധാന വിഷയങ്ങൾ കണ്ടെത്തി സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കഴിയും. തടസ്സങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിച്ച് പദ്ധതികളുടെ നടത്തിപ്പിനുള്ള സമയപരിധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | വികസനപദ്ധതികളിൽ വളരെവേഗം തീരുമാനം എടുക്കാവാനും പദ്ധതികളുടെ പുരോഗതി തൽസമയം അറിയുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ | (സി) & (ഡി) | മുഖ്യമന്ത്രി.മന്ത്രിമാർ.വകുപ്പ് സെക്രട്ടറി.വകുപ്പ് തലവൻമാർ എന്നിവർക്ക് ആക്ഷൻ പോർട്ടലിലൂടെ പദ്ധതികളുടെ നടത്തിപ്പ് ഓൺലൈനായി നിരീക്ഷിക്കുവാനും തടസ്സങ്ങൾ കണ്ടെത്തി |

ഉൾപ്പെടുത്തിയിരിക്കുന്നത്:

അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാനും സാധിക്കും. പദ്ധതികളുടെ പുരോഗതി.എസ്സ്.എം.എസ്സ്.ഇ-മെയിൽ സംവിധാനങ്ങളുടെ സഹായത്തോടെ അപ്പപ്പോൾ ബന്ധപ്പെട്ടവർക്ക് അറിയാൻ സാധിക്കും. ചീഫ് സെക്രട്ടറിക്കും.മുഖ്യമന്ത്രിക്കും എല്ലാ വകുപ്പുകളിലെയും പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം അറിയാൻ സാധിക്കും.

(ഡി) പ്രസ്തുത സംവിധാനം ഭരണതലത്തിൽ മന്ത്രിമാർക്കും സെക്രട്ടറിമാർക്കും എത്രമാത്രം പ്രയോജനപ്രദമാകും എന്നാണ് കരുതുന്നത് വ്യക്തമാക്കുമോ?

വകുപ്പ് സെക്രട്ടറിമാർക്കും.മന്ത്രിമാർക്കും അവരവരുടെ വകുപ്പുകളിലെ പദ്ധതികളുടെ സംബന്ധിച്ച വിവരം അറിയാൻ സാധിക്കും. അപ്രകാരം പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം ഓൺലൈനിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതിനാൽ പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ കണ്ടെത്തി അവ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ